# പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3388 — 24/06/2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ..കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ദിനംപ്രതി ബാങ്കിൽ പോകുന്നതിനും അപേക്ഷകളിന്മേലുള്ള അന്വേഷണം നടത്തുന്നതിനുമായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസിലെ ഉദ്യോഗസ്ഥർ പ്രവൃത്തി സമയങ്ങളിൽ ഓഫീസ് അടച്ചിട്ട് പോകുന്നതിനാൽ വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന മത്സ്യത്തൊഴിലാളികൾക്ക് അന്നേ ദിവസത്തെ തൊഴിൽ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. ഉദ്യോഗസ്ഥർ ഫീൽഡിലോ മറ്റ് ഓഫീസുകളിലോ പോകുന്ന വിവരം മുൻ കൂട്ടി ഓഫീസ് ബോർഡിൽ പ്രദർശിപ്പിച്ചും ഇതിലേയ്ക്ക് പ്രത്യേക സമയത്ത്/ദിവസ ങ്ങൾ നിശ്ചയിച്ചും ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് പരമാവധി ബുദ്ധിമുട്ടുണ്ടാകാത്തവിധം നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ദിനം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനുംഒരേ ആവശ്യത്തിന് പല പ്രാവശ്യം ക്ഷേമനിധി ബോർഡ് ഓഫീസിലെത്തുന്നത് ഒഴിവാക്കുന്നതിനുമായി മത്സ്യത്തൊഴിലാളികളുടെ അംഗത്വത്തിന് ആനുപാതികമായി ക്ഷേമനിധി ബോർഡ് ഓഫിസുകളിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഓഫിസ് കംപ്യൂട്ടർവത്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | ബി) ഫിഷറീസ് ഓഫീസുകൾ കംപ്യൂട്ടർവത്ക്കരിച്ച് മത്സ്യത്തൊഴിലാളികൾക്ക് മെച്ചമായ സേവനം ലഭ്യമാക്കുന്ന കാര്യം ബോർഡിന്റെ സജീവ പരിഗണനയിലാണ്. ഇതിനു പുറമെ വാർദ്ധക്യകാല പെൻഷൻ, മറ്റു ധനസഹായങ്ങൾ എന്നിവ മത്സ്യത്തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കോർ ചെയ്ത് നൽകിക്കൊണ്ടിരിക്കുന്നത്, ധനസഹായം നേരിട്ട് മത്സ്യത്തൊഴിലാളികളിൽ എത്തുന്നതിനും ഫിഷറീസ് ഓഫീസർമാരുടെ നിലവിലുള്ള ജോലിഭാരം ഒരു പരിധി വരെ ലഘൂകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡ് ഓഫിസുകളിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ